**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1140** **02-02-2026 - ൽ മറുപടിയ്ക്ക്**

**അങ്കമാലി മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | അങ്കമാലി മണ്ഡലത്തിൽ ശുദ്ധജല വിതരണവുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | അങ്കമാലി മണ്ഡലത്തിൽ ശുദ്ധജല വിതരണവുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുടിവെള്ള പദ്ധതിയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതിയുടെ നിർമ്മാണം സെപ്റ്റംബർ 2026-ലും, ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ മാർച്ച് 2028-ഓടെയും പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (സി) | സംസ്ഥാനത്ത് ചൂട് കനക്കുന്ന സാഹചര്യത്തിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ഏതെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | പഴയ പൈപ്പുകൾ മാറ്റി സ്ഥാപിച്ചും ചോർച്ചകൾ യഥാസമയം പരിഹരിച്ചും കുടിവെള്ള വിതരണം സുഗമമാക്കുന്നു. കൂടാതെ വാൽവുകൾ ക്രമീകരിച്ചും ആവശ്യമെങ്കിൽ പമ്പിങ് സമയം ദീർഘിപ്പിച്ചും കുടിവെള്ള വിതരണം സുഗമമാക്കുന്നു. ഇതിനു മുന്നോടിയായി പമ്പ്ഹൗസുകളിലെ Intake കിണറുകളിലേക്കുള്ള ലീഡിംഗ് ചാനലുകളിലെ ആഴം കൂട്ടിയും തടസ്സങ്ങൾ നീക്കിയും intake കിണറുകളിൽ അടിഞ്ഞുകൂടിയ ചെളി നീക്കിയുംപമ്പിംഗ് തടസ്സമില്ലാതെ ചെയ്യുന്നു. |
| (ഡി) | അങ്കമാലി മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റു ഡിപ്പാർട്ട്മെന്റിൽ നിന്നും ആവശ്യമായ അനുമതികൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രവർത്തികൾ സമയബന്ധിതമായി ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

അങ്കമാലി നിയോജക മണ്ഡലത്തിൽ ശുദ്ധജലവിതരണവുമായി ബന്ധപ്പെട്ട് താഴെ വിവരിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു.

- കിഫ്ബി ഫണ്ട് ഉപയോഗിച്ച് അങ്കമാലി മുനിസിപ്പാലിറ്റിക്കും, മലയാറ്റൂർ- നീലേശ്വരം, അയ്യമ്പുഴ, തുറവൂർ, മഞ്ഞപ്ര പഞ്ചായത്തുകളിലേക്കുമുള്ള കുടിവെള്ള പദ്ധതി.

മേൽ പദ്ധതിക്ക് 115.93 കോടി രൂപയുടെ ഭരണാനുമതി 2018-ൽ നൽകുകയും, പദ്ധതി 2 പാർട്ടുകളിലായി നിർമ്മാണപ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

**പാർട്ട് - I**-ൽ ഉൾപ്പെടുത്തി അങ്കമാലി മുനിസിപ്പാലിറ്റിക്കും മഞ്ഞപ്ര തുറവൂർ പഞ്ചായത്തുകളിലേക്കുമുള്ള കുടിവെള്ള പദ്ധതി 3 പാക്കേജുകളിലായി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

**പാക്കേജ് -I -** കാഞ്ഞൂർ പഞ്ചായത്തിൽ തോപ്പിൽകടവിൽ നിർമ്മിക്കുന്ന കിണറിൻറെയും പമ്പ് ഹൗസിന്റേയും അനുബന്ധ ഘടകങ്ങൾ, ട്രാൻസ്ഫോർമർ, പമ്പ് സെറ്റ് എന്നിവയുടേയും പമ്പ് ഹൗസ് മുതൽ അങ്കമാലി ട്രീറ്റ്മെന്റ് പ്ലാന്റിലേക്കുള്ള 600 mm DI പമ്പിംഗ് മെയിനിന്റെയും സ്ഥാപനം -ഇതിൽ കിണറിന്റെ പ്രവർത്തികൾ ആരംഭിക്കുകയും, പമ്പിംഗ് മെയിൻ സ്ഥാപിക്കൽ മൊത്തം 8500 മീറ്ററിൽ 4786 മീറ്റർ നീളത്തിലും പൂർത്തിയാക്കിയിട്ടുണ്ട്. ഈ പാക്കേജ് 2026- ജൂലൈയിൽ പൂർത്തിയാക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

**പാക്കേജ് -II -** അങ്കമാലിയിൽ നിർമ്മിക്കുന്ന 17 MLD ട്രീറ്റ്മെന്റ് പ്ലാന്റ്, സംപ്, 25 LL കപ്പാസിറ്റി ഉന്നതതലസംഭരണി അനുബന്ധഘടകങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം - പ്ലാന്റിന്റെയും, ടാങ്കിന്റെയും സംപിന്റെയും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഈ പാക്കേജ് 2026 സെപ്റ്റംബറിൽ പൂർത്തിയാക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

**പാക്കേജ് III -** തുറവൂർ പഞ്ചായത്തിൽ നിർമ്മിക്കുന്ന 8.50 LL കപ്പാസിറ്റി ഉന്നതതല സംഭരണി, മഞ്ഞപ്ര പഞ്ചായത്തിലെ മേരിഗിരിയിൽ നിർമ്മിക്കുന്ന 5 LL കപ്പാസിറ്റിയുള്ള ഉന്നതതല സംഭരണി, ഈ ടാങ്കുകളിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവ സ്ഥാപിക്കുന്ന പ്രവർത്തി - ഈ പ്രവർത്തിക്കായുള്ള ഡിസൈൻ, ഡ്രോയിങ് എന്നിവ തയ്യാറാക്കി വരുന്നു. ഈ പാക്കേജ് 2026- ജൂലൈയിൽ പൂർത്തിയാക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

മേൽ വിവരിച്ച 3 പാക്കേജുകളുടെയും നിർമ്മാണം പൂർത്തിയാക്കി സെപ്റ്റംബർ 2026-ൽ പദ്ധതി പൂർണ്ണമായും കമ്മീഷനിംഗ് നടത്തുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

**പാർട്ട് 2** - ൽ ഉൾപ്പെടുത്തി മലയാറ്റൂർ- നീലീശ്വരം, അയ്യമ്പുഴ പഞ്ചായത്തുകൾക്കായി 2 പാക്കേജുകളിലായി പ്രവർത്തികൾ നടന്നുവരുന്നു.

**പാക്കേജ്-I** :- മലയാറ്റൂർ ഇല്ലിത്തോട്ടിൽ നിർമ്മിക്കുന്ന 8 MLD ശുദ്ധീകരണശാലയുടേയും അനുബന്ധ ഘടകങ്ങളുടെയും, മോട്ടോർ പമ്പ് സെറ്റുകൾ തുടങ്ങിയവയുടെ നിർമ്മാണവും സ്ഥാപനവും - ഇതിന്റെ നിർമ്മാണപ്രവർത്തനം 2025-ൽ പൂർത്തിയാക്കുകയും പ്ലാന്റിന്റെ പ്രവർത്തനം ഭാഗീകമായി കമ്മീഷൻ നടത്തി മലയാറ്റൂർ - നീലീശ്വരം പഞ്ചായത്തിനുള്ള കുടിവെള്ളവിതരണം ഭാഗികമായി നൽകുന്നുണ്ട്. പൂർണ്ണമായും കമ്മീഷനിംഗ് നടത്തുവാൻ പാക്കേജ്-II-ന്റെ പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതുണ്ട്.

**പാക്കേജ് - II :-**ഇല്ലിത്തോട് ടാങ്കിലേക്കും അയ്യമ്പുഴ പഞ്ചായത്തിലേക്കുമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, അയ്യമ്പുഴ പഞ്ചായത്തിലെ ചുള്ളിയിൽ നിർമ്മിക്കുന്ന 3 L.L. കപ്പാസിറ്റിയുള്ള ഉന്നതതലസംഭരണിയുടെ നിർമ്മാണം - ഈ പാക്കേജിന്റെ ഡിസൈൻ, ഡ്രോയിങ് എന്നിവ

പൂർത്തീകരിച്ച് പ്രവർത്തി ആരംഭിച്ചിട്ടുണ്ട്. 2026 ജൂണിൽ മേൽ പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ളപദ്ധതി പൂർണ്ണമായും കമ്മീഷനിംഗ് നടത്തുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയിൽ ഉൾപ്പെട്ട പഞ്ചായത്തുകൾ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | Providing Distribution network ,FHTCs and RR Work in Thuravur Panchayath-Pipeline Work | Thuravur | 73% completed |
| 2 | JJM Thuravoor Panchayath providing FHTC to Rural House holds | Thuravur | Completed |
| 3 | Providing Distribution network ,FHTCs and RR Work in Manjapra Panchayath | Manjapra | 74% completed |
| 4 | JJM Manjapra Panchayath providing FHTC to Rural House holds | Manjapra | completed |
| 5 | JJM WSS to Malayattoor Neeleeswaram and Ayyampuzha Panchayaths-Providing Distribution system & FHTCs- Part II | Malayattoor-Neeleeswaram | 69% completed |
| 6 | JJM WSS to Malayattoor Neeleeswaram panchayath Part III | | Completed |
| 7 | JJM WSS to Malayattoor Neeleeswaram panchayath Part I | | Completed |
| 8 | JJM Providing distribution system and FHTCs in Ayyampuzha panchayath Zone III | Ayyampuzha | Completed |
| 9 | Providing Distribution system and FHTCs in zone I,II,IV and V in Ayyampuzha Panchayaths | Ayyampuzha | 22% completed |
| 10 | JJM Ayyampuzha Panchayath providing FHTC to Rural House holds | Ayyampuzha | Competed |
| 11 | Laying 350mm and 200mm DI K9 pipe in Kadappara to Manappattuchira Sebiyoor road and Sebiyoor to Mundangamattom road | Malayattoor-Neeleeswaram | Tender Stage |
| 12 | JJM Malayattoor Panchayath providing FHTC to Rural House holds | Malayattoor-Neeleeswaram | Completed |
| 13 | JJM WSS to Kalady Panchayath- Providing FHTCs and Road restoration works in Kalady Panchayath | Kalady | 17% |
| 14 | JJM Kalady Panchayath providing FHTC to Rural House holds | Kalady | Completed |
| 15 | Distribution Network & Road Restoration Works in Parakkadavu Panchayath | Parakkadavu | 49% completed |
| 16 | Construction of 7LL OHSR at Parakkadavu & CWPM from Chowara WTP to Parakkadavu OHSR | Parakkadavu | Tender Stage |
| 17 | Road restoration in Parakkadavu Panchayath part-II (PWD and LSGD)-Pipeline Work | Parakkadavu | 3% |
| 18 | JJM Parakkadavu Panchayath providing FHTC to Rural House holds | Parakkadavu | Completed |
| 19 | JJM Karukutty grama panchayath providing FHTC and replacing old pipes | Karukutty | 77% completed |
| 20 | JJM Mookkannur grama panchayath providing FHTC and replacing old pipes | Mookkannur | 93% completed |